അച്ചടിക്കുന്നതിനാണ് നിർദ്ദേശം നൽകിയിരുന്നത്. ഇതിൽ 6,038,200 Vol. I പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സിൽ അച്ചടിക്കുന്നതിനായി കെ.ബി.പി.എസ്., സർക്കാർ പ്രസ്സിന് കൈമാറി നൽകിയിട്ടുണ്ട്. ആയതിൽ 12,07,500 പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സ് അച്ചടിച്ച് നൽകിയിട്ടുണ്ട്. അച്ചടി പൂർത്തീകരിക്കേണ്ട ബാക്കി പാഠപുസ്തകങ്ങൾ അച്ചടിച്ച നൽകുന്നതിനായി കെ.ബി.പി.എസ്.-നെ ഏൽപ്പിച്ചിട്ടുണ്ട്. പ്ലസ്-1-ന് 1,019,509 പുസ്തകങ്ങളും പ്ലസ്-2-ന് 1,284,434 പുസ്തകങ്ങളും ആണ് അച്ചടിക്കാൻ സി-ആപ്റ്റിന് ലഭ്യമായിട്ടുള്ളത്.

(ബി) 1, 3, 5, 7, 9, 10 ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള ടെന്റേറ്റീവ് പ്രിന്റ് ഓർഡർ 28-10-2014-ന് കെ.ബി.പി.എസ്.-ന് നൽകിയിരുന്നു. 2, 4, 6, 8 ക്ലാസ്സുകളിലുൾപ്പെടെ എല്ലാ ക്ലാസ്സുകളിലെയും ഫൈനൽ പ്രിന്റ് ഓർഡർ 10-2-2015-ലും കെ.ബി.പി.എസ്.-ന് നൽകിയിരുന്നു. 25-6-2015-ലെ കെ.ബി.പി.എസ്.-ലെ എം.ഡി.-യുടെ റിപ്പോർട്ടുപ്രകാരം 1,77,79,600 Volume I പാഠപുസ്തകത്തിന്റെ അച്ചടി പൂർത്തിയായിട്ടുണ്ട്. ഗവൺമെന്റ് പ്രസ്സിൽ 12,07,500 കോപ്പി Vol. I പാഠപുസ്തകവും അച്ചടിച്ചിട്ടുണ്ട്. ശേഷിക്കുന്ന പാഠപുസ്തകങ്ങളുടെ അച്ചടി ത്വരിതഗതിയിൽ നടന്നുവരുന്നു. ഹയർസെക്കന്ററി പാഠപുസ്തകം അച്ചടിക്കുന്നതിനുള്ള ഉത്തരവ് ഹയർസെക്കന്ററി ഡയക്ടറേറ്റിൽനിന്നും സി-ആപ്റ്റിന് ലഭിച്ചത് 26-2-2015 തീയതിയിലാണ്. പ്ലസ്-2 ക്ലാസ്സിൽ ആദ്യഘട്ടത്തിൽ ആവശ്യമായ പാഠപുസ്തകങ്ങളുടെ വിതരണം 95 ശതമാനം പൂർത്തിയായിട്ടുണ്ട്. പ്ലസ്-1 ക്ലാസ്സിലെ പാഠപുസ്തകം 75 ശതമാനം വിതരണം പൂർത്തിയായിട്ടുണ്ട്. പ്ലസ്-1 ക്ലാസ്സ് ആരംഭിക്കുന്നതിനുമുമ്പ് അവശേഷിക്കുന്നവ വിതരണം പൂർത്തിയാക്കുന്നതാണ്.

കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച

5 (*125) ശ്രീ. എളമരം കരീം :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ കാർഷികോത്പന്നങ്ങൾക്കാണ് വിലയിടവ് നേരിടുന്നത് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് കൂടുതൽ ആഘാതം ചെലുത്തുന്നവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) വിലയിടിവ് തടയുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ട് ;

(ഡി) ഇവയുടെ പ്രവർത്തനം കാര്യക്ഷമമാണോ ; എങ്കിൽ വിശദമാക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളിൽ റബ്ബറിനാണ് ഇപ്പോൾ വിലയിടിവ് ഉണ്ടായിരിക്കുന്നത്.

(ബി) റബ്ബറിനുണ്ടാകുന്ന വിലയിടിവ് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് ദോഷകരമാണ്.

(സി&ഡി) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും, കർഷകരെ സഹായിക്കുന്നതിനുമാണ് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 56/2014/കൃഷി, തീയതി 25-2-2014 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളത്. റബ്ബർ മാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്. ഒന്നാംഘട്ട റബ്ബർ സംഭരണത്തിൽ സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ കൈകാര്യ ചെലവ് അനുവദിക്കുന്നതിനായി സർക്കാരിന്റെ സാമ്പത്തിക ബാധ്യത പരമാവധി 6 കോടി രൂപയിൽ പരിമിതപ്പെടുത്തിക്കൊണ്ട് കൃഷി, സഹകരണ വകുപ്പുകൾ 2:1 എന്ന അനുപാതത്തിൽ തുക കണ്ടെത്തുകയും, കൃഷി വകുപ്പിന്റെ വിഹിതമായ 4 കോടി രൂപ, വില സ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ എന്ന ശീർഷകത്തിൽ നിന്നും 2013-14-ൽ തന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽനിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി RSS-4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ സർക്കാർ ഉത്തരവ് (എംഎസ്)നമ്പർ 232/2014/കൃഷി, തീയതി 13-10-2014 പ്രകാരം RSS-5 ഗ്രേഡിലുള്ള റബ്ബറും കർഷകരിൽനിന്നും സംഭരണം നടത്തുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. തുടർന്ന് സ.ഉ.(എംഎസ്.) നമ്പർ 254/2014/കൃഷി. തീയതി 6-11-2014 പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി RSS-4, RSS-5 ഗ്രേഡിലുള്ള റബ്ബർ സംഭരണത്തിന് ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

റബ്ബർ സംഭരണം അടിയന്തരമായി പുനരാരംഭിക്കുന്നതിനായി സ.ഉ (എംഎസ്.) നമ്പർ 176/2014/കൃഷി, തീയതി 16-8-2014 പ്രകാരം 10 കോടി രൂപ വില സ്ഥിരതയ്ക്കവേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം അധികമായി അനുവദിച്ചു കൊണ്ട് 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും, റബ്ബർ മാർക്കിനും അനുവദിച്ചു നൽകുകയും, റബ്ബർ സംഭരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 304/2014/കൃഷി തീയതി 15-12-2014 പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ നൽകുന്ന കൈകാര്യച്ചെലവ് 9/-രൂപയാക്കി ഉയർത്തിയിട്ടുണ്ട്. 2015-16-ൽ റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി സ.ഉ.(എംഎസ്.) നമ്പർ 41/2015 തീയതി 11-3-2015 പ്രകാരം കൃഷി വകപ്പിന്റെ വില സ്ഥിരതയ്ക്കവേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം 1 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും, റബ്ബർമാർക്കിനും അനുവദിച്ചുനൽകിയിട്ടുണ്ട്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 20 ശതമാനമോ, കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്നത് ഉയർത്തിക്കൊണ്ട് 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്ക്, കേന്ദ്ര സർക്കാർ തീരുമാനമായിട്ടുണ്ട്.

കൂടാതെ കേരളത്തിലെ പ്രധാനപ്പെട്ട കാർഷികവിളകളായ നെല്ലിനും നാളികേരത്തിനും ഉണ്ടാകാറുള്ള വിലയിടിവ് തടയുന്നതിനായി സംസ്ഥാന സർക്കാർ സംഭരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പ്

6 (*126) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ അലംഭാവം ഉണ്ടാകുന്നതായ ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ അതേക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; വിശദവിവരം നല്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly